ഉത്തരം

(എ) സംസ്ഥാനത്ത് തുറമുഖ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായുള്ള കരട് ബില്ല് 2009 വർഷംതന്നെ തുറമുഖവകുപ്പ് തയ്യാറാക്കുകയും ആയത് സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ചശേഷം 2010-ൽ മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ കേരളാ മാരിടൈം ബോർഡ് ബിൽ നിയമസഭയുടെ പരിഗണനയിലാണ്.

(ബി) ആദ്യഘട്ടത്തിൽ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തുറമുഖവകുപ്പ് എന്നിവ സംയോജിപ്പിച്ചാണ് കേരളാ മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. അതോടൊപ്പം കേന്ദ്ര മാരിടൈം ഏജൻസികളായ കോസ്റ്റ് ഗാർഡ്, നേവി, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നീ സ്ഥാപനങ്ങളുടെ സഹകരണം ആദ്യഘട്ടത്തിൽ പ്രതീക്ഷിക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തുറമുഖ വികസനത്തിന് നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റിംഗ്, മാരിടൈം ബിസിനസ്സ് കോൺക്ലേവ് എന്നിവ 2010 നവംബറിൽ CII-യുമായി ചേർന്ന് സംഘടിപ്പിച്ചിരുന്നു.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനം**

145 (159) ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ശക്തൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി അനുവദിച്ച 450 കോടി രൂപയിൽ എത്ര തുക ഇതുവരെ ചെലവഴിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഫാസ്റ്റ് ട്രാക്ക് രീതിയിൽ എത്ര ഏക്കർ സ്ഥലം ഇതുവരെ ഏറ്റെടുക്കാനായി ; ഈ ആവശ്യത്തിന് ഇനിയും എത്ര ഏക്കർ സ്ഥലംകൂടി വേണ്ടിവരും ;

(ഡി) തുറമുഖ ഭാഗത്തേക്കുള്ള റെയിൽവേ കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ഇ) ഇവിടത്തെ വൈദ്യുതി ലഭ്യതയ്ക്കായി നിലവിലുള്ള 66 കെ.വി. ലൈൻ 220 കെ.വി. ലൈനായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇവിടെ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റിയുടെ സഹകരണത്തോടെ എന്തൊക്കെ പ്രവർത്തനങ്ങൾ ഇതുവരെ നടത്താനായി എന്ന് അറിയിക്കുമോ ;

(ജി) ഈ പദ്ധതിക്കായുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണം എന്ന് കൈവരിക്കാനാകും എന്നറിയിക്കുമോ ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖത്തേക്കുള്ള റെയിൽപാതയ്ക്ക് റെയിൽവേയുടെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയും പാതയുടെ നിർമ്മാണത്തിനായി RVNL-നെ നിയമിക്കുന്ന നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. തുറമുഖത്തേക്കുള്ള റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലും DPR തയ്യാറാക്കലും അന്തിമ ഘട്ടത്തിലാണ്. തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ടെൻഡർ നടപടികൾ KWA വഴിയും വൈദ്യുതി ലഭ്യമാക്കുന്ന പ്രവൃത്തികൾ വൈദ്യുതി ബോർഡ് വഴിയും സ്വീകരിച്ചുവരുന്നു.

(ബി) ഈ തുക നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്. ലാന്റ് അക്വിസിഷൻ പുരോഗമിച്ചുവരുന്നു. ഇപ്പോൾ ഏകദേശം 50 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) 9 ഹെക്ടറോളം ഭൂമി ഇതുവരെ ഏറ്റെടുക്കാനായി .111 ഹെക്ടറോളം ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(ഡി) കേന്ദ്ര സർക്കാർ സ്ഥാപനമായ RITES കണ്ടെത്തിയ അലെയ്മെന്റിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചു. പാതയുടെ നിർമ്മാണത്തിനായി RVNL-യുമായി കരാറിൽ ഏർപ്പെടുന്ന നടപടി പുരോഗമിക്കുന്നു.

(ഇ) നിലവിലെ 66 കെ.വി. 220 കെ.വി. ആക്കി ഉയർത്തുന്ന നടപടി കെ.എസ്.ഇ.ബി.-യുടെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ചുവരുന്നു.

(ജി) 2010-ന് മുൻപ് പൂർത്തിയാക്കാനാകും.

(എഫ്) വെള്ളായണി കായലിൽനിന്നും തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതിക്ക് 2010 ഫെബ്രുവരിയിൽ KWA ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ പരിശോധന KWA-യിൽ നടന്നുവരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

146 (160) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി കടലിൽ നടത്തേണ്ട പണികൾ എന്നുമുതൽ ആരംഭിക്കാനാകുമെന്നാണ് കരുതുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly